വരെ ശ്രമ അരിയേഴ്സായി ചില സൊസൈറ്റികളിൽ കിടപ്പുണ്ട്. അതു കൊണ്ടു് അതിനുള്ള കാരണമെന്താണു്, അതിന്റെ നിവാരണ മാർഗ്ഗത്തെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ, അഖിലേൻഡ്യാ ഹാൻഡ്ലൂം ബോർഡിനു ഈ പണം എന്നത്തേക്കു കൊടുക്കാൻ സാധിക്കും എന്നുള്ളതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറയുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഇപ്പോഴും അവിടെത്തന്നെ കുറെ അധികം പണം കൊടുത്തുതീർക്കേണ്ടിയിരിക്കുന്നതുകൊണ്ടു് അതു കണ്ടിജൻസി ഫണ്ടിൽനിന്നും ഡൈവർട്ടു് ചെയ്തെങ്കിലും വിതരണം ചെയ്യേണ്ടതാണു്. മാത്രമല്ല, മേലിൽ ഇങ്ങനെ വരാതിരിക്കുന്നതിനു ഡിപ്പാർട്ടുമെന്റിൽനിന്നും ആവശ്യമായ നടപടികളും സ്വീകരിച്ചു ഓരോ മാസവും 15-ാംനു-ള്ളിൽ കൊടുക്കാനുള്ള തുക ഇത്രയാണെന്നു് ചെക്കു ചെയ്തു് അതിനനുസരിച്ചു തുക വിതരണം ചെയ്യണം. അതു് ചെയ്യാതിരിക്കുന്നതുകൊണ്ടാണു കഴിഞ്ഞ പത്തു മാസവും ഒരു വർഷവുമായിട്ടു് ഇങ്ങനെയുള്ള ഒരു സ്ഥിതി ഉളവായിട്ടുള്ളതു്. അതുകൊണ്ടു് അടിയന്തിരമായി ഗവണ്മെന്റു് ഇക്കാര്യത്തെപ്പറ്റി ശ്രദ്ധിക്കുകയും ആവശ്യമായ നടപടികളെടുത്തു ഈ ദുഃസ്ഥിതിയിൽനിന്നും തൊഴിലാളികളെയും അവരുടെ കുടുംബങ്ങളെയും രക്ഷിക്കുകയും കോവാപ്പറേറീവു് അടിസ്ഥാനത്തിലുള്ള ഈ വ്യവസായം ജീവിപ്പിക്കുകയും ചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്.

Shri K. A. Damodara Menon: Sir, I will give the reply, day after tomorrow.

Denial of employment to the workers of Sewage farm, Valiathurai

Mr. Speaker: A reply is due to Shri P. Balachandra Menon's Rule 61 notice from the hon. Minister for Food and Agriculture.

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

സർ, 2-11-63-ൽ ലേബർ ആഫീസർ വിളിച്ചു കൂട്ടിയ ഒരു കാൺഫറൻസിൽ ഡെയിറി ഡെവലപ്പ്മെന്റു് ഡയറക്ടർ സന്നിഹിതനായില്ല, അങ്ങനെ ബുദ്ധിമുട്ടുണ്ടാക്കി. ഇങ്ങനെ ധിക്കരിച്ചു് വരാതെയിരിക്കുന്നതു ശരിയല്ല എന്നുള്ളതാണു പ്രധാനമായ ആക്ഷേപം. ഇതു ശരിയല്ല. 2-11-63-ൽ കാൺഫറൻസു വിളിച്ചുകൂട്ടി എന്നുള്ളതു ശരിയാണു്. യഥാർത്ഥത്തിൽ അന്നു ഡെയിറിഡെവലപ്പ്മെന്റു് ഡയറക്ടർ സക്കീട്ടിലായിരുന്നതുകൊണ്ടു് അസിസ്റ്റന്റു് ഡയറക്ടറെ ഈ യോഗത്തിൽ സംബന്ധിക്കുന്നതിനു ഡെപ്യൂട്ടു ചെയ്തിരുന്നു. ആ ഉദ്യോഗസ്ഥൻ സംബന്ധിക്കുകയും ചെയ്തിരുന്നു. പത്തരമണിക്കു് കാൺഫറൻസു വിളിച്ചുകൂട്ടുന്നതാണെന്നു അറിയിച്ചിരുന്നതനുസരിച്ചു പത്തരമണിക്കുതന്നെ അസിസ്റ്റന്റു് ഡയറക്ടർ അവിടെ ചെന്നു. അപ്പോഴും അവിടെ ആരും ഹാജരായിരുന്നില്ല. അവിടെ ചെന്നു് ആ ഉദ്യോഗസ്ഥൻ കുറെ സമയം വെയിറ്റു ചെയ്തിട്ടും തൊഴിലാളിപ്രതിനിധികളും വരാത്തതുകൊണ്ടു് കാൺഫറൻസു കൂടാതെ പിരിഞ്ഞു. എന്നാൽ 11-30 ആയപ്പോഴും തൊഴിലാളിപ്രതിനിധികളും കാൺഫറൻസിൽ പങ്കെടുക്കാനായിട്ടു ചെന്നു എന്നുള്ള തരത്തിൽ അവിടെ ചെന്നു. അപ്പോഴും ആ ഉദ്യോഗസ്ഥനില്ലായിരുന്നു. അങ്ങനെ യോഗം നടക്കാതെവന്നു. എപ്പോഴും ഈ യോഗത്തിനു ക്ഷണിക്കുന്നതു ഡയറക്ടറെയാണു്. പക്ഷേ, ഹെഡ്സ് ആഫ് ഡിപ്പാർട്ടുമെന്റുസിനെ ക്ഷണിക്കുന്നുണ്ടെങ്കിലും ആ ഉദ്യോഗസ്ഥനു സംബന്ധിക്കാൻ സൗകര്യമില്ലെങ്കിൽ മറെറാരുദ്യോഗസ്ഥനെ അതിനുവേണ്ടി അധികാരപ്പെടുത്തുകയും, ആ ഉദ്യോഗസ്ഥൻ യോഗത്തിൽ സംബന്ധിക്കുകയും ചെയ്യാറുണ്ടു്. അതുപോലെ 2-11-63-ലും അസിസ്റ്റന്റു ഡയറക്ടർ സംബന്ധിച്ചതാണു്.

അങ്ങനെ സംബന്ധിച്ചില്ലെന്നു പറഞ്ഞു്, വളരെ കുറ്റകരമായ അനാസ്ഥ കാണിച്ചുവെന്നുള്ള വിധത്തിൽ സംസാരിച്ചതു് ബഹുമാനപ്പെട്ട മെമ്പർ വസ്തുതകളും ശരിക്കു് ധരിക്കാത്തതുകൊണ്ടോ, അല്ലെങ്കിൽ അദ്ദേഹം തെറ്റിദ്ധരിപ്പി

LIBRARY ARCHIVES Kerala Legislative Assembly

ക്കപ്പെടുത കൊണ്ടോ ആയിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇതു് ഡെയിറി ഡെവലപ്പുമെന്റു ഡയറക്ടരുടെയും. ലേബർകമ്മിഷണരുടെയും റിപ്പോർട്ടിൽനിന്നും കിട്ടിയിട്ടുള്ള വിവരങ്ങൾ വച്ചാണു പറയുന്നതു്. തൊഴിൽ തർക്കത്തിന്റെ അടിസ്ഥാനമെന്താണെന്നുള്ളതിനെ സംബന്ധിച്ചു് ഈ പതനത്തിൽ ചർച്ച ചെയ്യുന്നതിൽ വലിയ അർത്ഥമില്ല. ക്യാഷ്വൽ ലേബറേഴ്സാണു് പുല്ലുവെട്ടിക്കൊണ്ടിരുന്നതു്. ഈ പുല്ലു് സിറിയിലുള്ള പലർക്കും ഇത്ര പൈസവീതം കൊടുത്തുകൊള്ളാമെന്നു ഡിപ്പാർട്ടുമെന്റു ഒരു കരാറിൽ ഏർപ്പെട്ടിട്ടുണ്ടു്. കൊയ്ത്തു വന്നപ്പോൾ തൊഴിലാളികൾ മറ്റു പല സ്ഥലത്തും ജോലിക്കു പോയതുകൊണ്ടു് പുല്ലുവെട്ടി കൺസ്യൂമേഴ്സിനു കൊടുക്കുന്നതിനു സൗകര്യമില്ലാതെ വന്നു. അങ്ങനെ സപ്ലൈ മുടങ്ങുമെന്നുള്ള നിലവന്നപ്പോൾ. ഒരു കാൺട്രാക്ടു കൊടുത്തുവെന്നുള്ളതു ശരിയാണു്. ഇനി ആ കാൺട്രാക്ടിന്റെ കാലാവധി തീരാതെ ഈ തൊഴിലാളികളെ എംപ്ലോയ് ചെയ്യാൻ ബുദ്ധിമുട്ടുണ്ടു്. കഴിവുള്ള ഭടത്തോളം മുൻപു ജോലി ചെയ്തിട്ടുള്ളവർക്കു് ജോലി കൊടുക്കാൻ കൺട്രാക്ടരെ പ്രേരിപ്പിക്കാം. അതൊരു ശുപാർശ എന്നല്ലാതെ നിർബന്ധമായി അവർക്കു് ജോലി കൊടുക്കണമെന്നു പറയാൻ നിവൃത്തിയില്ല. അതുകൊണ്ടു് കാൺട്രാക്ടിന്റെ കാലാവധി കഴിഞ്ഞാൽ എന്തു ചെയ്യാമെന്നു ആലോചിക്കാം. ഇങ്ങനെ ഒരു അടിയന്തിര പരിതഃസ്ഥിതിയിലാണു് കാൺട്രാക്ടുകൊടുക്കാൻ നിർബന്ധിതമായതു്. തിരുവനന്തപുരം പട്ടണത്തിലുള്ള അനേകം ആളുകൾ അവരുടെ പശുക്കൾക്കുള്ള തീറ്റിസാധനമായി ഈ ഫാമിലുള്ള പുല്ലിനെ ആശ്രയിച്ചിരിക്കുമ്പോൾ പെട്ടെന്നു അതു് ലഭിക്കാതെ വന്നാലുള്ള ബുദ്ധിമുട്ടു് എല്ലാവർക്കും മനസ്സിലാകുന്നതാണു്. അങ്ങനെ വൈഷമ്യമേറിയ ഒരു പരിതഃസ്ഥിതിയിലാണു് കാൺട്രാക്ടു കൊടുത്തതു്. ഇനിയും ഒരു കാൺഫറൻസുകൂടി വീണ്ടും ഈ പ്രശ്നം ചർച്ച ചെയ്യുന്നതിൽ വിരോധമൊന്നുമില്ല. അങ്ങനെ ചെയ്യണമെന്നു ലേബർ കമ്മിഷണർക്കു് നിർദ്ദേശവും കൊടുത്തിട്ടുണ്ടു്.

ശ്രീ. പി. ബാലചന്ദ്രമേനോൻ : തൊഴിലാളികൾ പ്രവർത്തിയെടുക്കുന്ന സമയത്തുതന്നെ കാൺട്രാക്ടു കൊടുത്തുവെന്നുള്ളതും, ഫൈനൽ എഗ്രിമെന്റു സയിൻ ചെയ്യുത്തക്ക ഉദ്യോഗസ്ഥനെ അല്പാ അയച്ചതെന്നുള്ളതും വ്യക്തമായിട്ടുള്ള നിലയിൽ ഈ തക്കം ഒരു ആർബിട്രേഷനു വിടാൻ മുതിരുമോ എന്നാണു അറിയേണ്ടതു്. ക്യാഷ്വൽ തൊഴിലാളികളാണെന്നും. അതുകൊണ്ടു് തുടരുന്നതിനു അധികാരമില്ലെന്നും തീരുമാനമെടുത്തു. അതാണു് ലേബർ കമ്മീഷണരുടെ മുമ്പിലുള്ള ഡിസ്പ്യൂട്ടു്. അതുപോലെ ഇവരെ ഡിസ്ചാർജ്ജു് ചെയ്തതു് ശരിയാണോ, അല്ലയോ എന്നു തീർച്ചപ്പെടുത്തുന്നതിനു് എഗ്രിമെന്റു സയിൻ ചെയ്യാൻ അധികാരമുള്ള ഉദ്യോഗസ്ഥനെയല്ല നിയോഗിച്ചിരുന്നതു്. തൊഴിലാളികളുടെ തുടർച്ചയായിട്ടുള്ള ജോലി ഇല്ലാതാക്കത്തക്കവണ്ണം കാൺട്രാക്ടു കൊടുത്തതിലുള്ള നഷ്ടം സഹിക്കാൻ ഗവണ്മെന്റു് തയ്യാറാകുമോ ?

ശ്രീ. ഈ. പി. പൗലോസു് : ഒരു ഉദ്യോഗസ്ഥനെ ഡെലിഗേറ്റു ചെയ്യുന്നതു അദ്ദേഹം പറയുന്നതു് ഗവണ്മെന്റിനെ bind ചെയ്യുന്നു എന്ന നിലയിലാണു്. കൺസിലിയേഷനാണു് അയച്ചതു്. അതിനു ശേഷമാണു് മറ്റു കാര്യങ്ങളെല്ലാം വരുന്നതു്. ഏതായാലും ഇതു സംബന്ധിച്ചു ചർച്ച ചെയ്യാതെ ആർബിട്രേഷന്റെ കാര്യം ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

LEGISLATIVE BUSINESS

The Kerala Land Reforms Bill 1963 (Second Reading)

Clause 2 (22)

Mr. Speaker : Smt. Gouri was speaking about her amendment under Clause 2 (22) yesterday. She may continue.

LIBRARY ARCHIVES Kerala Legislative Assembly